www.modelquestionpapers.in

310

# SSLC MODEL EXAMINATION FEBRUARY – 2015
## MALAYALAM (Paper- II)

Time: 1 ½ Hours Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

(സ്കോർ)

1) 'കസ്തൂരിക്കുറി പൂശുന്ന
വരമ്പിൻ വക്കിലൊക്കെയും
കാൽവെപ്പിനാൽ പൂനിരത്തീ
രമ്യശാരദ കന്യക'

- ഈ വരികളിൽ തെളിയുന്ന ദൃശ്യഭംഗി വിവരിക്കുക [2]

2) 'പാടി സ്വകീയരെ കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?'

- മലയാളം പാടവഹീനയല്ലെന്ന് കവി പറയുന്നതെന്തുകൊണ്ട് ? [2]

3) 'ആ ഗാനമാധുരി വാടിയ തുളസിപ്പൂവിനെ
പച്ചവെള്ളം തളിച്ചുണർത്തുന്നപോലെ
ഞങ്ങളെ പുനർജ്ജീവിപ്പിച്ചു'

വി.ടി.യുടെയും സുഹൃത്തുക്കളുടെയും ഏതൊക്കെ മാനസികഭാവങ്ങളെയാണ് ഇവിടെ സൂചിപ്പിക്കുന്നത്? [2]

4) താഴെ കൊടുത്തിരിക്കുന്ന വാക്യം ശരിയാക്കി എഴുതുക:

ഓരോ മനുഷ്യരുടെയും മനസ്സിൽ ആർഭാടത്തോടും ആഡംബരത്തോടുംകൂടി തങ്ങളുടെ ജീവിതം നയിക്കണമെന്ന ആഗ്രഹമുണ്ടായിരിക്കും [2]

5) 'ഉമ്മുക്കുലുസു മരിച്ചന്നു രാത്രിതൊ-
ട്ടിന്നോളമാ മഴ തോർന്നുമില്ല'

വരികളോടൊപ്പം കവിതയുടെ ശീർഷകവും പരിശോധിക്കുക. 'തോരാമഴ' എന്ന തലക്കെട്ട് കവിതയുടെ അന്തർഭാവത്തെ എത്രമാത്രം ഉൾക്കൊള്ളുന്നുവെന്ന് വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(അരപ്പുറം) [4]

[P.T.O]



61/9025/2015.

6) 'സത്യപ്രകൃതി ദീപത്തിൽ-
ക്കത്തും പൊൻതിരിപോലവേ,
അരിവാളേന്തി നിൽക്കുന്ന
കന്നി - കർഷക കന്യക'
- പി.കുഞ്ഞിരാമൻ നായർ

'കെട്ടിയ മുടികച്ചയാൽ മൂടി
ചുറ്റിയ തുണി ചായ്ച്ചൊന്നു കുത്തി,
വെറ്റില ചവച്ചുന്മാദമോളം -
വെട്ടിടു മരി വാളുകളേന്തി,
ഒന്നിച്ചാനമ്രമെയ്യോടെ നിൽപൂ
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ'
- വൈലോപ്പിള്ളി

- ഈ രണ്ടു കാർഷികചിത്രങ്ങളെയും താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

(അരപ്പുറം) [4]

7) 'ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച സമ്മാനിച്ചു. അവയ്ക്ക് അവയുടേതായ സൗന്ദര്യമുണ്ടായിരുന്നു. അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമിക വിദ്യാലയങ്ങളായി.'

- തന്റെ ഏതെല്ലാം അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഗൂഗി വാ തി ഓംഗോ ഇക്കാര്യം സമർഥിക്കുന്നത്? കുറിപ്പു തയ്യാറാക്കുക

(അരപ്പുറം) [4]

8) സച്ചിദാനന്ദന്റെ 'മലയാളം' എന്ന കവിതയെ ആസ്പദമാക്കി മലയാളകവിതയുടെ ലഘുചരിത്രമെഴുതുക

(അരപ്പുറം) [4]

9) 'പല നാളായ് പിരിഞ്ഞിരുന്ന ഞങ്ങൾക്കീ
മലനാടെത്രമേൽ മധുരദർശനം!

മലനാട് ആസ്സാം പണിക്കാർക്ക് മധുരദർശനമായി തീരുന്നതെങ്ങനെയാണ്?

(അരപ്പുറം) [4]

10) 'ഒരു പ്രവാസിയുടെ നേരനുഭവത്തിന്റെ തീവ്രമായ ഓർമ്മപ്പെടുത്തലാണ് ആടുജീവിതം'

- നജീബിന്റെ ജീവിതാവസ്ഥ വിലയിരുത്തി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക

(ഒരുപുറം) [6]

11) 'അയാൾ കാറിന്റെ വാതിലടച്ചു. കുറേ നേരം സ്റ്റിയറിങ് വീലിന്മേൽ കൈവച്ച് അനങ്ങാനാവാതെ ഇരുന്നു. അയാൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടിരുന്നു.

'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ കഥാനായകന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക

(ഒരുപുറം) [6]

****************